(ബി) പ്രസ്തുത പ്രവർത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വെള്ളാട്ടുകൊല്ലി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനത്തിനുവേണ്ടി തയ്യാറാക്കിയ പുതുക്കിയ നിരക്കിലുള്ള 39 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധനയിലാണ്. ഒറ്റത്തെ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) ഭരണാനുമതി നൽകിയിട്ടുണ്ട്.

മടമ്പം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

41(944) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മടമ്പം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ സബ്സോയിൽ ഇൻവെസ്റ്റിഗേഷൻ പണി പൂർത്തിയായോ; ഇല്ലെങ്കിൽ ഇതിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെണ് വെളിപ്പെടുത്തുമോ ;

(ബി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ലാൽ ബഹദൂർശാസ്ത്രി സെന്ററിനെ എന്നാണ് ചുമതലപ്പെടുത്തിയത് ;

(സി) ഈ പദ്ധതിയുടെ ഡിസൈൻ അംഗികരിച്ചോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പൂർത്തിയായിട്ടുണ്ട്.

(ബി) 20-5-1998-ൽ.

(സി) ഡിസൈൻ അംഗീകരിച്ചിട്ടില്ല.

കൂട്ടാലി റഗുലേറ്റർ-കം-ബ്രിഡ്ജ്

42(945) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂട്ടാലി റഗുലേറ്റർ-കം-ബ്രിഡ്ജ് കഴിഞ്ഞ 22 വർഷമായി പൂർത്തിയാകാതെ കിടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പണിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത് എന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഈ പദ്ധതിയിൽ ഇനി ആറ് സ്പാനുകളും ലോക്ക് ചേമ്പറും കൂട്ടായി ഭാഗത്തേക്ക് ഒരു പ്രവേശനപാതയും, ഓഫീസ് കാർട്ടേഴ്സും കൂടി നിർമ്മിക്കേണ്ടതായിട്ടുണ്ട്. ബാക്കി ചെയ്തുത്തീർക്കുവാനുള്ള പണികൾക്ക് 330 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയെങ്കിലും ബഡ്ജറ്റിൽ വേണ്ടത്ര തുക വകകൊള്ളിക്കാതിരുന്നതിനാൽ പണി ഏറ്റെടുത്ത് നടത്തുവാൻ സാധിച്ചിട്ടില്ല. ബാക്കി പണികൾ ചെയ്യുന്നതിന് മുന്നോടിയായി ഇറിഗേഷൻ ചീഫ് എഞ്ചിനീയറും ഡിസൈൻ ചീഫ് എഞ്ചിനീയറും സൈറ്റ് സന്ദർശനം നടത്തുന്നതാണ്. അതിനുശേഷം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നല്കുന്ന മുറയ്ക്ക് പണി പൂർത്തിയാക്കുന്നതാണ്.

മാവിളക്കടവ് ബണ്ട് പുനരുദ്ധരിക്കുന്നതിന് നടപടി

43(946) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറിന്റെ പടിഞ്ഞാറേക്കരയിൽ തിരുപുറം മാവിളക്കടവ് ബണ്ട് പുനരുദ്ധരിക്കുന്നതിന് ജലസേചന വകുപ്പിന്റെ 45 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബണ്ട് പുനരുദ്ധരിക്കുന്നതിന് ഇക്കൊല്ലത്തെ ബഡ്ജറ്റിൽ 45 ലക്ഷം രൂപ വക കൊള്ളിച്ച് പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഈ പദ്ധതിക്ക് 51 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 1999-ൽ പുതുക്കിയ നിരക്ക് നിലവിൽ വന്നതിനാൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കേണ്ടതായിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിന് 1,50,000 രൂപ വകയിരുത്തിയിട്ടുണ്ട്. പണി ഏറ്റെടുത്ത് നടത്തുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.

കനോലി കനാലിന് കുറുകെയുള്ള പാലം

44(947) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം. കെ. മുനീർ :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂർ വെട്ടം പഞ്ചായത്തിൽ കനോലി കനാലിന് കുറുകെ ഒരു പാലം നിർമ്മിക്കുന്നതിന് 1994-ൽ ഭരണാനുമതി നൽകിയെങ്കിലും ഇതുവരെ പണി ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly